എതായാലും ഈ മൂന്നു സംഗതികൾക്കും, ഇതിന്റെ വിശദമായ വിവരങ്ങൾ അറിയുവാൻ പാടില്ലാത്ത തെക്കൻ പ്രദേശത്തുകാരായ ഞങ്ങൾക്കറിയുവാനാഗ്രഹമുണ്ട്. സൂക്ഷ്മമായ സംഗതികൾ അറിയുവാൻ പാടില്ലാത്ത ഞങ്ങളോടു് എന്തെങ്കിലും പറഞ്ഞു് ഒപ്പിക്കുവാൻ ശ്രമിക്കരുതെന്നു് മാത്രമേ എനിക്ക പറയുവാനുള്ളു.

*മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സർ, മുള്ളർ കായൽ ജലസേചനപദ്ധതി, ഫ്രാഞ്ചൈസി-ലെ ബഡ്ഡറിൽ ഫ,൩൦൦ കു. ചിലവിനത്തിൽ കൊള്ളിച്ചു് തുടങ്ങീട്ടുള്ള ഒരേപ്പാടാണു്. ഇതു് ആകെ ഫ,൨൦൦ ഏക്കറാണു്- കൊച്ചിരാജ്യത്തുള്ള കോഓപ്പറേഷനിയുടെ ഗുണത്തിനുവേണ്ടി വ൦൦ ഏക്കർ സ്ഥലത്തെ കോഓപ്പറേഷനിയുടെ കൈക്കുടി നേരെയുള്ള അതായതു്, തൃശ്ശിവപേരൂരിൽനിന്നു കുന്നംകുളത്തേക്കു പോകുന്ന റോഡിൽ പറപ്പൂക്കരക്കു സമീപം ആണു് ഈ മുള്ളർ കായൽ എന്ന സ്ഥലം. പാലത്തിന്റെ ൩ കോണകവും മുഴുവൻ അടച്ചുകെട്ടി മുള്ളർകായൽ പാലത്തിന്റെ മുഭാഗത്തേക്കു വെള്ളം ചാമ്പിക്കയറി ഏകദേശം വ അടി പൊക്കംവരെ വെള്ളം നിറുത്തിട്ടു് അതു് ഉണക്കുള്ള കാലങ്ങളിൽ തുറന്നുവിട്ടുകൊടുത്തു് ഫ,൨൦൦ ഏക്കർ കോഓപ്പറേറ്റിവിനെ മുഴുവൻ രക്ഷിക്കണമെന്നുള്ള നിലയിലാണു് അതിന്റെ എസ്റ്റിമേട്ടു് എന്നു് ഗവർമ്മെണ്ടിൽനിന്നു മുമ്പൊരവസരത്തിൽ ഇവിടെ പറഞ്ഞിട്ടുണ്ട്.—പത്തുമിനിട്ടിനുള്ളിൽ പറയേണ്ടതെല്ലാം പറയുവാൻ നിവൃത്തിയില്ലെങ്കിലും ഇവിടെ പറയുന്ന വിവരങ്ങൾ ഡപ്യൂട്ടി പ്രസിഡണ്ടു് ശ്രദ്ധവെച്ചുകേട്ടു് കുറച്ചു സമയംകൂടി ആവശ്യമായിവന്നാൽ അനുവദിച്ചുതരണമെന്നു് ഞാൻ എന്റെ ഭാഷയിൽ ഇവിടെ പറഞ്ഞുകൊള്ളട്ടെ.— ഈ കൌൺസ്ലിൽ ഫ്രാഞ്ചൈസി-ലെ ബഡ്ഡറിൽ ഫ,൩൦൦ ഉറപ്പിക്കയാണു് കൊള്ളിച്ചിരുന്നതെന്നു പറഞ്ഞുവല്ലോ. ഫ്രാഞ്ചൈസി-ൽ ആ സംഖ്യ മതിയാകയില്ലെന്നു കണ്ടിട്ടു് ഒരു ൩൫, ൦൦൦ കു. കൂടി കൂടാതെ കഴിയുകയില്ലെന്നു പറഞ്ഞു് ബഡ്ഡറിൽ ചേർത്തു. ഇന്നു് ഇതിന്റെ സ്വഭാവത്തെയെല്ലാം വിശദീകരിച്ചുകൊണ്ടു് അന്നത്തെ മുകുന്നുത്തുകാവു പ്രതിനിധിയായിരുന്ന ആളും ഞാനുംകൂടി ചോദിച്ചപ്പോൾ ഗവർമ്മെണ്ടുഭാഗത്തുനിന്നു മറുപടി പറഞ്ഞിട്ടുണ്ട്. അതു് ഫ്രാഞ്ചൈസി-ലെ കൌൺസിൽ പ്രൊസീഡിംഗ്സിൽ ൪൨൩ മുതൽ ൪൨൪ വരെയുള്ള വശങ്ങൾ നോക്കിയാൽ കാണാം. ഇവിടെ കണയന്നൂർ മെമ്പർ ചോദിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും അന്നു ഗവർമ്മെണ്ടു് പറഞ്ഞിട്ടുണ്ട്. ഇതുകൊണ്ടു് ഫ,൨൦൦ ഏക്കർ സ്ഥലത്തുള്ള കോഓപ്പറേഷനി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കാണ് ഗുണമുള്ളതെന്നു പറഞ്ഞിട്ടുണ്ട്. ഫ ഫ ഫ വ-ന്റെ അവസാനത്തിൽ ആകെ ൪൦,൦൦൦-ൽ ചിലവാനം ഉറപ്പിക ചിലവാക്കി. ഫ ഫ ഫ ൻ-ലെ ബഡ്ഡറ്റിൽ ഇതിലേക്കു പ്രൊവിഷൻ ഉണ്ടായിട്ടില്ല. അന്നാണ് ഇതു വേണോ വേണ്ടയോ എന്നു തീർച്ചയാക്കിയിട്ടില്ലെന്നു പറഞ്ഞിട്ടുള്ളതു്. അതുപോലെതന്നെ ഫ ഫ ഫ ൻ-ൽ വീണ്ടും കുറെ ഉറപ്പിക ചിലവാക്കി. അതിനുള്ള സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവന്നതു് ഈ സഭ അനുവദിക്കുകയും അതു പാസ്സാക്കിക്കൊടുക്കുകയുമുണ്ടായി. പിന്നീടു് ഇക്കൊല്ലവുംകൂടി ഒന്നു പരീക്ഷിക്കുവാനായി ൪൦,൦൦൦ ഉറപ്പിക കൊള്ളിച്ചു. ഫ ഫ വ, ഫ ഫ ൻ, ഫ ഫ ഠ ഈ കൊല്ലങ്ങളിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതു്. ഇതുവരെ ഒരു ലക്ഷത്തി അൻപതിനായിരം ഉറപ്പിക മുള്ളർ കായൽ പലാതിക്കുവേണ്ടി ചിലവാക്കിയിട്ടുണ്ടു്. ഇതുകൊണ്ടു് ആദ്യത്തെ പ്രാവശ്യം ആവശ്യമുണ്ടായില്ല. മഴ അധികമായിരുന്നതുനിമിത്തം വെള്ളം കയറി കോൾ മുഴുവനും മുങ്ങി നശിച്ചു. ഫ ഫ ഫ വ-ൽ മുള്ളർ കായലിലെ വെള്ളം കോൾകൃഷിക്കാവശ്യമില്ലെന്നു ഗവർമ്മെണ്ടുതന്നെ സമ്മതിച്ചു. ഫ ഫ ഫ ൻ-ൽ ഏതാനും ഭൂമികൾക്കു ഗുണമുണ്ടായിട്ടുണ്ടെന്നു് അന്നത്തെ വാദപ്രതിവാദത്തിൽനിന്നും പുറത്തുവന്നു. ഫ ഫ ഠ ൦-ല കഥ ദിവാൻജി അവർകൾ ചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. ഈ ഭൂമിയുടെ വലിപ്പത്തേയും ആവശ്യത്തേയും പറ്റി പറയുമ്പോൾ പറയുന്നതു് ഫ ഫ ഠ ൦-ൽ ഈ പദ്ധതി ഉണ്ടായിരുന്നില്ലെങ്കിൽ കോൾകൃഷി മിക്കവാറും നശിച്ചുപോകുമായിരുന്നുവെന്നാണു്. മുള്ളർ കായലിൽ വെള്ളമുണ്ടായിരുന്നിട്ടും അനവധി സ്ഥലത്തു വെള്ളം കിട്ടാതെയുണ്ടെന്നും, ഒഴുക്കനായിട്ട പറഞ്ഞിട്ടുണ്ടു്. കോൾകൃഷിയെ സ്ഥിരമായിട്ട രക്ഷിക്കുവാൻ വേണ്ടിയുള്ള ചാലക്കടി ഇറിഗേഷൻ സ്കീം ശരിയാകുന്നതുവരെ മുള്ളർ കായൽപദ്ധതി വേണമെന്നു പറഞ്ഞു, അതിനുള്ള സംഖ്യയും കൊടുത്തു. ഫ ഫ ഠ ഫ-നെ സംബന്ധിച്ചിടത്തോളം ഇതിൽ ഗവർമ്മെണ്ടു് ചിലതെല്ലാം ചെയ്യുവാൻ തീർച്ചയാക്കിക്കാണുന്നുണ്ടു്. ഇതിനു മുമ്പുണ്ടായിട്ടുള്ള വാദപ്രതിവാദത്തിൽ പൊക്കുത്തു വെള്ളം ചാമ്പി കയറുന്നതിനാൽ കോൾകൃഷിക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരം കാലതാമസംകൂടാതെ ഗവർമ്മെണ്ടു് ചെയ്തുകൊടുക്കണമെന്നാണു് വിമർശിച്ചിട്ടുള്ളതു്. കഴിഞ്ഞ ബഡ്ഡറ്റസമ്മേളനത്തിൽ ഭൂമിയുടമസ്ഥന്മാർക്കു കൃഷിയിൽ വന്നിട്ടുള്ള കേടുകൾ തീർക്കുവാൻ ഇപ്പോൾ എടുത്തിരിക്കുന്ന നടപടികൾ ശരിയല്ല എന്നും മറ്റും ചില നിർദ്ദേശങ്ങളും ഇവിടെ നൽകുകയുണ്ടായിട്ടുണ്ടു്. അന്നു് ആ ജാതിയിലുള്ള ചില ചോദ്യങ്ങളും ഈ നിയമസഭയിൽ ചോദിച്ചിട്ടുണ്ടു്. അന്നു ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കു ദിവാൻപേഷ്കാരവർകൾ, നെല്ലിനു പറ്റിയ നാശത്തിനു നഷ്ടപരിഹാരമായി വൈക്കോൽക്രടി കൊടുത്തിട്ടുണ്ടെന്നു മറുപടി പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ കണക്കുപ്രകാരം വെള്ളം കയറി വിളവുനശിച്ച ഭൂമിയുടമസ്ഥന്മാർക്കു നഷ്ടപരിഹാരമായി വൈക്കോൽ കൊടുത്തിട്ടുണ്ടെന്നു് ഒരു തിയറി ഇവിടെ പറഞ്ഞിട്ടുണ്ടു്. ഇതായിരുന്നു ഇതിനെപ്പറ്റി മുമ്പു് ഇവിടെയുണ്ടായിട്ടുള്ള വാദവിഷയങ്ങൾ.

ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപംകൊണ്ടു ഇതിന്റെ അവതാരകൻ വിവക്ഷിക്കുന്നതെന്താണെന്നുവെച്ചാൽ, കൃഷിക്കാർക്കു വെള്ളം കൊടുക്കേണ്ട ആവശ്യത്തിനായി ഗവർമ്മെണ്ടു് ൪൦,൦൦൦ ഉറപ്പിക ചിലവുചെയ്തിട്ടുള്ളതു് വളരെ ആളുകൾക്കു് ഉപകാരപ്രദമല്ല, ഏതാനും ചിലർക്കു മാത്രമേ അതുകൊണ്ടു് പ്രയോജനമുള്ളു എന്നാണു്. പ്രാക്ടിക്കൽ പൊളിറ്റിക്സ് പറഞ്ഞു വാദിക്കുന്ന ആളെന്നു പേരു കേട്ടിട്ടുള്ള എന്റെ മാന്യസ്നേഹിതൻ ഇതിന്റെ ചില കഥകളെല്ലാം അറിയുവാനായിട്ടു്, ഗവർമ്മെണ്ടു തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടിനെ ശിക്ഷിക്കണോ രക്ഷിക്കണോ എന്നു തിരുമാനിക്കുവാനായിട്ടു് ചില വിവരങ്ങളെല്ലാം ഇവിടെ ചോദിക്കുകയുണ്ടായി. അദ്ദേഹം എതു സംഗതിയും കായ്യും മനസ്സിലാക്കിയേ പറയാവുള്ളു. ഏതു കൃഷിക്കാരുടെ ഭൂമികൾക്കു് ഇതുകൊണ്ടു പ്രയോജനം കിട്ടുന്നു എന്നു് വീണ്ടും വീണ്ടും ചോദിച്ചുതിനു് വീണ്ടും വീണ്ടും പറഞ്ഞിട്ടുള്ള മറുപടി ഫ ഠ, ൦ ൦ ൦ ഏക്കർ ഭൂമികൾക്കു് രക്ഷ കിട്ടുന്നുണ്ടു് എന്നാണു്, ഇവിടെ മുമ്പുണ്ടായിട്ടുള്ള വിമർശനങ്ങൾ വ്യക്തമാക്കുന്നതു്. ഏതു ആളുകൾക്കു രക്ഷ കിട്ടുന്നുവെന്നു പറയുവാൻ സാധിക്കുക എന്നും പറഞ്ഞിട്ടുണ്ടു്. അതിൽനിന്നുതന്നെ തീർച്ചയായും അനുമാനിക്കാം, പല ആളുകൾക്കും ഇതുകൊണ്ടു ഗുണം കിട്ടുന്നില്ല എന്നു്. ഏതാനും വ്യക്തികൾക്കേ ഗുണമുള്ളു. ഈ പദ്ധതികൊണ്ടു് പന്തീരായിരത്തോളം ഏക്കർ വരുന്ന കോൾകൃഷിക്കു് നഷ്ടമാണുള്ളതെന്നു തെളിയുന്നുണ്ടു്.

റാവു സാഹിബു് കെ. അയ്യപ്പൻ: പന്തീരായിരമോ, ആയിരത്തി ഇരുന്നൂറോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പറഞ്ഞതിൽ ഒരു ചെറിയ പിശകു വന്നു എന്നു സമാധാനിക്കുക.

ഫ ഫ വ ഠ-ലെ ലജിസ്ലേററീവു് സമ്മേളനത്തിൽ വ ഠ വു-ാംനമ്പറായി ഒരു ചോദ്യവും ചോദിച്ചിട്ടുണ്ടു്. മുമ്പു് ഇവിടെ വിമർശനങ്ങളും നടന്ന കാലത്തു് ഇതിനുള്ള ചിലവു് കൃഷിക്കാരിൽനിന്നു പിരിച്ചെടുക്കുംഎന്നു പറയുകയുണ്ടായി. അവരിൽനിന്നു പണം പിരിക്കുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ ഇല്ല എന്നും, ഗവർമ്മെണ്ടു് പറയുകയുണ്ടായിട്ടുണ്ടു്. ഈ സ്കീം കൊച്ചീക്കു പുറത്തുള്ളവരെ ബാധിക്കുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ പുറത്തു കൃഷി ചെയ്യുന്ന ഫ ഠ ഠ ഏക്കർ കൃഷിസ്ഥലങ്ങളേയുംകൂടി ബാധിക്കുന്നുണ്ടു് എന്നു പറയുകയുണ്ടായി. അവരിൽനിന്നു നികുതിപിരിക്കുവാൻ ഭാവമുണ്ടോ, അതിനുള്ള നടപടികളും എഴുത്തുകുത്തുകളും നടത്തുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ ഇപ്പോൾ അവരിൽനിന്നു പിരിക്കുന്നില്ല, മദ്ധ്യസ്ഥൻ ഗവർമ്മെണ്ടുമായി ആലോചിച്ചുവരുന്നു എന്നൊക്കെ പറഞ്ഞിട്ടുണ്ടു്. ഇതിനെപ്പററിയുള്ള ഈ സഭയിൽ മറേറ ഭാഗത്തുനിന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ കൊച്ചിരാജ്യത്തുള്ളവരിൽനിന്നു പിരിക്കുവാനായി അവർക്കു നോട്ടീസ്സു് അയച്ചിട്ടുണ്ടെന്നു കേൾക്കുന്നു. ഇതിൽനിന്നു് ബ്രിട്ടീഷ്കാരെ മുഴുവൻ ഒഴിവാക്കിയിട്ടുണ്ടാകുമെന്നു തീച്ചയാണു്. നോട്ടീസ്സു് കൊടുത്തിട്ടുള്ളതു് വാസ്തവമാണോ എന്നറിഞ്ഞുകൂടാ. ഏതുതരത്തിലായാലും ഈ സ്കീമിൻെറ അടിസ്ഥാനത്തിൽ അഭ്യന്തരതിയൊന്നുമില്ലെന്നു് ഗവർമ്മെണ്ടു ഭാഗത്തുനിന്നും പറഞ്ഞ സമാധാനങ്ങൾകൊണ്ടു് മനസ്സിലായിട്ടുണ്ടു്. ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പറുടെ മറുപടിയിൽനിന്നു് മനസ്സിലാകുന്നതു് ഏനാമാക്കൽ ബണ്ടിൻെറ ലവൽ താഴ്ത്തി ചാലിൽ വെള്ളം ചാമ്പി നിറുത്തിയായിരുന്നു കൃഷിചെയ്തിരുന്നതു് എന്നാണു്. അവിടെ രണ്ടു ഭാഗത്തുമുള്ള വരമ്പുകൾ രക്ഷിപ്പെടുത്തേണ്ടതുണ്ടു്. മുമ്പുനടന്നമാതിരിയിൽ അതു് അത്ര എളുപ്പം സാധിക്കുന്ന കാര്യമല്ല. ഇപ്പോൾ കൂലിക്കാരെ കിട്ടുവാൻ പ്രയാസമാണു്. മുമ്പു് രണ്ടണ കൂലികൊടുത്തിരുന്നതിനുപകരം രണ്ടുറുപ്പിക കൂലി കൊടുക്കേണ്ടിവരുന്നതു് വഹിക്കുവാൻ ഈ ദുരവസ്ഥയുംകൂടിയുള്ളതുകൊണ്ടു് ബണ്ടു് കെട്ടി ശരിപ്പെടുത്തുവാൻ വലിയ വലിയ കൃഷിക്കാർക്കുപോലും സാദ്ധ്യമല്ലാതെ വരുന്നുണ്ടു്. അവരെ രക്ഷിക്കുവാൻവേണ്ടി, അവരുടെ വയലുകളിൽ ഗവർമ്മെണ്ടു് അറിഞ്ഞോ അറിയാതേയോ പ്രവൃത്തിച്ചുപോയതാണെന്നു ശങ്കതോന്നാതിരിക്കുവാൻ വാദപ്രതിവാദാവസരത്തിൽ ഗവർമ്മെണ്ടു പറഞ്ഞ മറുപടി അവിടെ വെള്ളം ശേഖരിക്കുമ്പോൾ ചാലു കെട്ടിട്ടു വെള്ളം ശേഖരിക്കേണ്ട ആവശ്യമില്ല, ബണ്ടിൻെറ ആവശ്യമില്ലാതെയല്ല, അധികച്ചിലവാകുമെന്നുള്ള ഉദ്ദേശം മാത്രമാണു് എന്നാണു്. ഇതുകൊണ്ടുതന്നെ അവർ ചെയ്യുവരുന്ന ഒരു പ്രയോഗത്തിനു ഗവർമ്മെണ്ടു് വശംവദരാകുകയല്ലേ ചെയ്യുതെന്നു് സംശയമുണ്ടു്. ഇതു് സ്വയം പരിഷ്കരിക്കപ്പെടാവുന്നവിധം സൃഷ്ടിക്കപ്പെട്ട ഒന്നാണെന്നു ഗവർമ്മെണ്ടു് കഴിഞ്ഞ ബഡ്ജററു് സെഷനിൽ ഇവിടെ പറഞ്ഞിട്ടുണ്ടു്. കൊച്ചീരാജ്യത്തിനു പുറത്തുള്ളവരുടെ പ്രേരണകൊണ്ടോ സൂത്രത്തിലോ അവരെ ഇതിൽനിന്നു് ഒഴിപ്പിക്കുന്നതിനുള്ള ശ്രമമാണെന്നുള്ളതെന്ന സംഗതിക്കു് ഇവിടെ ബലം കിട്ടുന്നുണ്ടു്. അതുകൊണ്ടു് ഞാൻ ധൈര്യമായിട്ടു പറയുന്നു, ഗവർമ്മെണ്ടിനു് അബദ്ധം പററിപ്പോയിയെന്നു സമ്മതിക്കുക. യോഗ്യന്മാരായ ഞങ്ങൾക്കു് അബദ്ധം പററിയാൽ തെററിപ്പോയി എന്നു പറയാവുണ്ടു്.

ഇപ്പോൾ ജലവിതരണം ചെയ്യേണ്ടതിനു് എതാനും ചിലരെ മാത്രമുദ്ദേശിച്ചാണു് ഗവർമ്മെണ്ടു് ഈ സ്കീം വെച്ചുകൊണ്ടിരിക്കുന്നതു്. ബാക്കി സ്ഥലങ്ങളിലുള്ള കൃഷിക്കാർക്കു് വെള്ളം കിട്ടുന്നില്ലെന്നു വലുതായ ആക്ഷേപമുണ്ടു്. അതുകൊണ്ടു് ഈ പദ്ധതികൊണ്ടു് അവർക്കുകൂടി വെള്ളം കൊടുക്കുവാൻ ഗവർമ്മെണ്ടു് മനസ്സിരുത്തേണ്ടതാണു്. സമയമില്ലാത്തതിനാൽ ഇത്രമാത്രമേ പറയുന്നുള്ളൂ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, കോൾകൃഷിക്കാരിൽനിന്നു ജല നികുതി പിരിക്കുന്ന കാര്യത്തിൽ സങ്കടപ്പെട്ടുന്ന കോൾകൃഷിക്കാരുടേയും ഒരു പ്രതിനിധിയാണു് ഞാൻ. കോൾകൃഷിയുടെ ആവശ്യത്തിനു വെള്ളത്തിൻെറ ദൌർല്ലഭ്യം തീർക്കുന്നതിനായി ഫ ഠ വ ഉ-ൽ ആണെന്നു തോന്നുന്നു സർ ബാനർജി ഇവിടെ ദിവാൻജിയായിരുന്ന കാലത്തു് ഒരു കോൾ കമ്മിററിയെ നിയമിച്ചു. ആ കമ്മിററിയുടെ നിർദ്ദേശമനുസരിച്ചാണു് ചാലക്കുടി പുഴയിൽനിന്നു വെള്ളം കൊണ്ടുവരുവാൻ തീർച്ചയാക്കിയതു്. അതു അങ്ങിനെ നീണ്ടു നീണ്ടുപോയി. ക്ഷേണക്ഷാമം അതി ശക്തിയായിവന്ന കാലത്തു് തിരുവിതാംകൂറായി ഇടപെട്ടു് ചാലക്കുടി സ്കീം നടപ്പിൽ വരുത്തുന്നതിനുവേണ്ടി കത്തിടപാ

LIBRARY ARCHIVES Kerala Legislative Assembly

കോം നടത്തുകയും കാലതാമസം വരുന്ന എന്ന കണ്ടതുകൊണ്ട് താൽക്കാലികമായി ഒരു രക്ഷ ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് മള്ളർ കായലിൽ വെള്ളം കയറി നിറയ്ക്കുവാൻ തീർച്ചയാക്കിയതു്. [illegible] ആണു് ആദ്യമായി ഈ പദ്ധതി ഇവിടെ നടപ്പിൽ വരുത്തിയതു്.

ഇനി കോംനിലങ്ങളെ രണ്ടായിട്ടു വിഭജിക്കാം. കണ്ടശ്ശാങ്കടവിൽനിന്നു തൃശ്ശിവപേരൂർക്കു പോകുന്ന വഴിയുടെ വടക്കു വശത്തുള്ളതു ഒരു ഭാഗമായും, തെക്കുവശത്തുള്ളതു ഒരു ഭാഗമായും കണക്കാക്കിയാൽ ആ റോഡിന്റെ തെക്കു ഭാഗത്തുള്ള നിലങ്ങൾ വടക്കു ഭാഗത്തുള്ളവയെക്കാൾ താണ പ്രദേശമാണെന്നു മനസ്സിലാകും. മള്ളർ കായലിൽ കയറി നിറയുന്ന വെള്ളം ആ റോഡിന്റെ വടക്കുഭാഗത്തുള്ള ഏതാനും നിലങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ സാധ്യമുള്ളൂ. മള്ളർ കായലിൽ പമ്പു ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ മുവലിൽ നിന്നു കവിഞ്ഞാൽ അഞ്ചടി പൊക്കംകൂടി വെള്ളം കയറി നിറയ്ക്കുവാൻ സാധിക്കും. അങ്ങിനെ ചെയ്യുമ്പോൾ വടക്കു ഭാഗത്തുള്ള ആറായിരത്തിൽ ചിലപ്രദേശം ഏക്കു് ഭൂമികൾക്കുകൂടി വെള്ളം കൊടുക്കുവാൻ സാധിക്കും. പതിമൂവ്വായിരത്തിൽ ചിലപ്രദേശം ഏക്കു് ഭൂമിയാണ് മനക്കൊടി കായലിൽ ആകെ കോംനിലങ്ങളുള്ളതു്. അതിൽ ആറായിരത്തിൽ ചിലപ്രദേശം ഏക്കു് വടക്കെ ഭാഗത്താണു്. വാട്ടർസെസ്സു് പിരിക്കുന്നതു് ഈ പദ്ധതികൊണ്ടു് ഗുണം സിദ്ധിച്ചവരിൽനിന്നും ഈ പദ്ധതി മൂലം കഷ്ടത അനുഭവിപ്പാനിടവന്നവരിൽനിന്നും ഒരുപോലെയാണു്. രക്ഷണക്ഷാമത്തിനു പരിഹാരമായിട്ടാണു് ഈ പദ്ധതി ഏർപ്പെടുത്തിയതു എങ്കിൽ യാതൊരാളിൽനിന്നും വാട്ടർസെസ്സു പിരിക്കാതെയിരിക്കണം. അഥവാ പിരിക്കുകയാണെങ്കിൽതന്നെയും ഇതുകൊണ്ടു് തീരെ ഉപയോഗമില്ലാത്തവരിൽനിന്നുകൂടി പിരിക്കുന്നതു് വലിയ അന്യായമാണു്. [illegible]-ൽ ചില പ്രത്യേകതകളെല്ലാം ഉണ്ടായിട്ടുണ്ടു്. മഴ ഒട്ടും ഉണ്ടായിട്ടില്ല. കൂടാതെ ഏറ്റവും പ്രധാനമായതു ഒരേ ഞാറ്റുവേലയിൽ കോംനിലങ്ങളെല്ലാം വറ്റിക്കുവാൻ തുടങ്ങിയതുകൊണ്ടു് വെള്ളം മുഴുവൻ കോംമാട്ടങ്ങളെ രക്ഷിപ്പാൻ തുറന്നുകളയേണ്ടിവന്നു. പമ്പുചെയ്ത വെള്ളം വളരെ കുറച്ചുമാത്രമെ ഉണ്ടായിരുന്നുള്ളൂ. യഥാർത്ഥം പറയുകയാണെങ്കിൽ വടക്കെഭാഗത്തുള്ള വളരെ കുറച്ചു നിലങ്ങൾക്കു മാത്രമെ കുറച്ചു വെള്ളമെങ്കിലും കിട്ടീട്ടുള്ളൂ. കണ്ടുകളും വിട്ടുകാക്കും കോടങ്കണ്ടത്തു ലോനക്കും കുറച്ചു കിട്ടി എന്നതു നിശ്ചയം, മറവുള്ളവക്കു കിട്ടിയൊ എന്നുള്ളതു സംശയമാണു്. അതു വെള്ളമെ അവിടെ കയറി നിറയ്ക്കുവാൻ സാധിച്ചുള്ളൂ. മള്ളർകായലിൽ ഉള്ള വെള്ളം കിട്ടാത്ത കൃഷിക്കാർക്കു് അതായതു് തെക്കെ അറ്റത്തുള്ള കോംകൃഷിക്കാർക്കു്—പേനം, ചേറ്റു, പള്ളിപ്പുറം ഈ ഭാഗങ്ങളിലെ നിലങ്ങൾക്കുകൂടി ഉപകാരമായവിധത്തിൽ—വെള്ളം കയറി നിറയ്ക്കുവാനുള്ളതും ചിലവു ഏറ്റവും ചുരുങ്ങിയതുമായ ഒരു പദ്ധതിയുടെ ഒരു സ്കെച്ചു് ദിവാൻജിയവർകൾക്കു അയച്ചിട്ടുണ്ടു്. അതനുസരിച്ചു വെള്ളം കയറി നിറഞ്ഞാൽ ഇപ്പോൾ വെള്ളം കിട്ടാത്ത തെക്കൻ പ്രദേശത്തുള്ള കോംകൃഷിക്കാർക്കും ഉപയോഗപ്രദമായിരിക്കും. അങ്ങിനെ ചെയ്യുകയാണെങ്കിൽ ഞങ്ങൾക്കു വാട്ടർസെസ്സു് പിരിക്കുന്നതിനെപ്പറ്റി ആക്ഷേപമില്ല. ഞങ്ങൾക്കു ഉപകാരമില്ലാത്തതും നേരെമറിച്ചു ഈ പദ്ധതിമൂലം അതായതു് മള്ളർ കായൽ സ്കീംമൂലം പതിവുപ്രകാരം കിട്ടിയിരുന്ന വെള്ളംകൂടി കിട്ടാതെ വിളവു് ഉണക്കിക്കളഞ്ഞതിനു നികുതി പിരിക്കുന്നതാണു് സങ്കടം. ഒരേക്കറിനു് [illegible] പ്രകാരമാണു് വാട്ടർസെസ്സു് പിരിക്കുന്നതു്. വാസ്തവത്തിൽ ഇതു് ഇന്നത്തെ കാലസ്ഥിതിക്കു് ആരുടെ പക്കൽനിന്നും പിരിക്കുവാൻ പാടില്ലാത്തതാണെങ്കിലും ഇതുകൊണ്ടു് ഒട്ടും ഉപയോഗമില്ലാത്തവരിൽനിന്നും പിരിക്കുന്നതു് വളരെ കഷ്ടമാണു്. ഞാൻ മള്ളർ കായൽ സ്കീം വേണ്ടെന്നു പറയുന്നില്ല. ഡിപ്പാർട്ടുമെണ്ടിൽനിന്നും ടെണ്ടർ നിശ്ചയിച്ചു് കൺട്രാക്ടു് കൊടുക്കുന്ന ആരും ടെണ്ടർപ്രകാരം വെള്ളം കയറി നിറഞ്ഞിയില്ലെങ്കിൽ അയാൾക്കു പണം കൊടുക്കരുതു്. പമ്പുചെയ്യുന്ന കാലത്തു നിറഞ്ഞാവുന്നതിനേക്കാൾ അഞ്ചടിവെള്ളം കൂടുതലായി അവിടെ നിറഞ്ഞാവുന്നതാണു്. കവിഞ്ഞാൽ ഒരടിക്കു താഴെ വെള്ളം കയറിനിറയ്ക്കുവാൻ സാധിക്കും.

ചില വ്യക്തികൾക്കു മാത്രമെ മള്ളർ കായൽ സ്കീംകൊണ്ടു് ഉപകാരമുള്ളു എന്നു പറയുന്നതു് ശരിയാണു്. അതു് വെറും വ്യക്തിവിദ്വേഷംകൊണ്ടു് മാത്രം പറയുന്നതല്ല. ഗവർമ്മെണ്ടിൽനിന്നും കോംകാരുടെ ആവശ്യത്തിനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു്, അതിന്റെ പ്രസിഡണ്ടായി ബഹുമാനപ്പെട്ട ജന്മിമെമ്പറേയും നിയമിച്ചു. അദ്ദേഹത്തിന്റെ കോംനിലങ്ങളുടെ രക്ഷക്കുവേണ്ടിയാണു് ആ കമ്മിറ്റി പ്രവൃത്തിച്ചിട്ടുള്ളതെന്നു മനസ്സിലാക്കിയ ഞാൻ അന്നു് സാലത്തുപോയി നോക്കി. അപ്പോൾ അഞ്ചാറു കോംനിലങ്ങൾക്കു വെള്ളം കിട്ടിക്കഴിഞ്ഞതിനുശേഷമെ അതിനപ്പുറത്തുള്ള അദ്ദേഹത്തിന്റെ കോംനിലം

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന സ്ഥലത്തേക്കു വെള്ളം ചെല്ലുകയുള്ളുവെന്നുള്ള പരമാർത്ഥം മനസ്സിലായുള്ളു. അതു കൊണ്ടു് വ്യക്തിവിദ്വേഷം ഇക്കാര്യത്തിൽ അൽപം ഉണ്ടാക്കുവാൻ അവകാശമില്ലാത്തതാണു്. വെള്ളം എല്ലാവർക്കും കൊടുക്കുകയാണെങ്കിൽ സെസ്സു് പിരിക്കുവാൻ വിരോധമില്ല. വെള്ളം കിട്ടാതെ ഉണക്കം ബാധിച്ചു് കൃഷിദോഷം സംഭവിച്ചിട്ടുള്ളവരിൽനിന്നു സെസ്സു് കിട്ടണമെന്നാവശ്യപ്പെടുന്നതു് തീരെ അക്രമവും അനീതിയും അനുചിതവുമാണു്. ഇക്കൊല്ലം കോളു മഴവന്നു ഉണങ്ങിപ്പോയിട്ടുണ്ടു്. നികുതി ഒഴിവാക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ടിനു് ആലോചനയില്ല. അതിനെപ്പറ്റി ആരും ഒരു കണക്കെടുത്തിട്ടുമില്ല. നിലങ്ങൾ മുഴവൻ ഉണങ്ങിപോയിട്ടുകൊയ്യുവാൻ സാധിക്കാതെപോയിട്ടുണ്ടു്. അതുകൊണ്ടു് ഈ വക സംഗതിയിൽ ദിവാൻപേഷ്കാരവർകളുടെ ശ്രദ്ധ പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇപ്പോൾ ദിവാൻജിയവർകൾക്കു് അയച്ചിട്ടുള്ള സ്കീമനുസരിച്ചു് പണികൾ നടത്തുന്നതിനു ഗവർമ്മെണ്ടിനു് അഡീഷണൽ എക്സ്പെൻറിച്ചർ മൂന്നു വരുന്നതല്ല. ഫസ്ലി, ൦ ൦ ൦-ൽ ചിലപ്രാന്തം ഏക്കർ കൂട്ടാടൻ വിതക്കുന്ന നിലം കഴിച്ചു് കോൾകൃഷിചെയ്യുന്ന നിലമുണ്ടു്. മുള്ളൂർ കായൽ എന്ന സ്ഥലം കൂട്ടാടൻ വിതക്കുന്ന സ്ഥലമാണു് അധികവും. പിന്നീടു് രണ്ടാം വിളവായിട്ടാണു് കോൾകൃഷി തുടങ്ങുന്നതു്. അതിനു ഗവർമ്മെണ്ടിൽനിന്നു ഒരു പാട്ടം കൊടുത്തുവരുന്നുണ്ടു്. ഏതാണ്ടു് ധനു ഫ൹-ാംനു-യോടുകൂടി കൂട്ടാടൻ കൊയ്തുകഴിഞ്ഞാൽ ആ സ്ഥലത്തു മകരം ഫ൦-ാംനു-യോടുകൂടി വെള്ളം കയറ്റി നിറുത്തും. അതുകൊണ്ടു് എത്രകണ്ടു് വെള്ളംകയറ്റി നിറുത്താമോ അത്രകണ്ടു് വെള്ളം കയറ്റി നിറുത്തുക. ചാലക്കുടി സ്ലൂയിസ് നടപ്പിൽ വരുന്നതുവരെ ഈ മുള്ളൂർ കായൽ സ്ലൂയിസ് നിറുത്തുവാൻ പാടില്ല. അതു് നിലനിറുത്തുകയാണെങ്കിൽ അതുകൊണ്ടു് ഗുണം ഉള്ളവരിൽനിന്നുമാത്രം നീർവാരം പിരിക്കുക, ഇത്രമാത്രമാണു് എനിക്കു് പറയുവാനുള്ളതു്.

*മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയൊ പ്രതികൂലിക്കുകയൊ ചെയ്യുന്നില്ല. ഇതിന്റെ ചരിത്രം സാമാന്യമായി എല്ലാവർക്കും അറിയുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. മുള്ളൂർകായൽ പദ്ധതി നടപ്പിൽ വരുന്നതിനുമുമ്പു് അതിന്റെ ശരിയായ വിവരങ്ങൾ കണ്ടുപിടിച്ചു് മനസ്സിലാക്കുവാനായിട്ടു് ആദ്യമായി തൃശ്ശിവപേരൂർ വില്ലേജു് പാവ്വത്യക്കാരനെ ദേശമംഗലത്തു നിയമിച്ചു്, കോൾകൃഷിക്കു വെള്ളത്തിന്റെ ക്ഷാമം വരാതിരിക്കുവാനാണു് മുള്ളൂർ കായൽ സ്ലൂയിമിന്റെ പ്രധാന ഉദ്ദേശം. ആ സ്ലൂയിമിനെ സംബന്ധിച്ചുള്ള പ്രൊപ്പോസൽ അയച്ചുപ്പോൾ ഏക്കറിനു് ഒരു ഉറുപ്പികവരെ മാത്രമെ സെസ്സു് പിരിക്കുവാൻ പാടുള്ളുവെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. അതു് പിരിക്കുവാനായിട്ടു ഒരു കാരണവുംകൂടി പറഞ്ഞിട്ടുണ്ടു്. റോഡിന്റെ എല്ലാ പാലങ്ങളും തുലാവഷ്ടത്തിനുമുമ്പു് കെട്ടിയടച്ചു് റോഡു കവിയാത്ത വീതിയിൽ വെള്ളം സ്റ്റോർചെയ്യാം. അങ്ങിനെ സ്റ്റോർചെയ്യാൽ ഉള്ളിലുള്ള നിലങ്ങൾക്കു പാട്ടം കൊടുക്കേണ്ടിവരികയില്ല. അന്നത്തെ നെല്ലിന്റെ വിളവും പാലത്തിന്റെ ചിലവും കണക്കാക്കി സുമാർ പതിനയ്യായിരം ഉറുപ്പിക ചിലവുവരുമെന്നാണു് ഉദ്ദേശിച്ചതു്. കൂട്ടാടൻ പണിയുന്ന സ്ഥലത്തു കോൾ പണിയുന്നതിനു ബ്രിട്ടീഷിലും കൊച്ചിയിലും കൂടി പതിനയ്യായിരത്തോളം ഏക്കർ ഭൂമിയുള്ളതുകൊണ്ടു് ഏക്കറൊന്നിനു ഒരു ഉറുപ്പിക നിശ്ചയിക്കുന്നതു് കൂടുതലാകയില്ലെന്നു തീരുമാനിച്ചു. സാധാരണയായി കൊല്ലംതോറും പുഞ്ച മുങ്ങിപ്പോകാറുണ്ടു്. അതിനെ രക്ഷിക്കുവാനായിട്ടു്, ഏനാമാക്കൽ ബണ്ടു് റെയിസ്സു് ചെയ്തു അതിന്റെ ലവലിനു് വെള്ളം നിറുത്തി കോൾമുറിക്കാതിരിക്കുകയാണു് നല്ലതെന്നു കരുതി ഏനാമാക്കൽ ലവലിൽനിന്നു ഒരടിവെള്ളം കുറച്ചു് നിറുത്തിയാൽ മതിയെന്നു നിശ്ചയിച്ചു.

കോൾമുറിക്കാതിരിക്കാനായിട്ടു ഒരടി വെള്ളം ഏനാമാക്കൽ ലവലിൽനിന്നു കുറയ്ക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ സുമാർ ഫസ്ലി ൦ ൦-ാമാണ്ടു് ഏക്കർ സ്ഥലത്തിൽ മുണ്ടകനും പുഞ്ചയും പണിയുന്നതിനാവശ്യമായ വെള്ളം കയറ്റി നിറുത്തുന്നതിനു സാധിക്കും. അവിടെ ഈ അടി വെള്ളംവരെ ശരാശരി നിറുത്താം. പത്തുമനോരോളം ഏക്കർ ഭൂമി കൃഷിചെയ്യാം എന്നാണു ഇറിഗേഷൻ ബോർഡിനു ബോദ്ധ്യമുണ്ടായിരുന്നതു്. എന്നാൽ വരമ്പു ഭേദപ്പെടുത്തി പണിയാതെയിരുന്നാൽ കൃഷി ശരിയായി പണിയാൻ സാധിക്കയില്ല. ഒരേക്കറിനു ഒരുറുപ്പിക ചിലവുവരും. ഈ സംഖ്യ സെസ്സായിട്ടുവെച്ചാൽ കൃഷിക്കു രക്ഷയുണ്ടെങ്കിൽ അതുകൊണ്ടു നഷ്ടമില്ലെന്നു, ഉദ്ദേശത്തിന്മേലാണു ബോർഡു് റക്കമെൻഡു ചെയ്തതു്. ഫസ്ലി-ലെ സെസ്സു് പിരിക്കാൻ സാങ്ഷൻകൊടുത്തു. ഫസ്ലി-ൽ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മേണ്ടു് വക്കു ഒന്നും ചെയ്തില്ല. ഫ ഫവ്-ൽ ഗവമ്മേണ്ടു അതുവക്കുചെയ്തു. ആ കൊല്ലത്തിൽ മുള്ളർകായലിലെ കൃഷി സ്ഥലങ്ങൾ മുഴവനും മുങ്ങിപ്പോയി. ഉടനെ കമ്പിയും കൂട്ടവും ലഹളയുമായി. തുലാമാസത്തിലേ അവിടെ വെള്ളം ശേഖരിക്കാൻ നിവൃത്തിയുള്ളു. ആ കൊല്ലം ശേഖരിച്ചു നിവൃത്തിയ ഉടനെതന്നെ അതു പമ്പുചെയ്കകളയാനും തുടങ്ങി. എഞ്ചിൻ തിരുവിതാംകൂറിൽനിന്നു വരാൻ താമസിച്ചതുകൊണ്ടാണു് ഇങ്ങിനെ മുങ്ങിപ്പോകുവാനിടയായതു്. പിന്നെ ഇടവമാസത്തിൽ മലവെള്ളം വന്നു ബാക്കിയുണ്ടായിരുന്ന കൃഷിയും നശിച്ചു. ആ കൊല്ലത്തെ കൃഷി അങ്ങിനെ നശിച്ചു. ഫ ഫൻ-ൽ വലിയ ഉപദ്രവമുണ്ടായിട്ടില്ലെന്നു പറയാം. ഫ ഫ ഠ-ൽ സ്വല്പം നഷ്ടമുണ്ടായിട്ടുണ്ടു്. എങ്ങിനെ എന്നാൽ തുലാമാസത്തിൽ മഴവളരെ കുറവായിരുന്നു. അതുകാരണം അന്നുവെള്ളത്തിനു വലിയക്ഷാമം നേരിട്ടു. രണ്ടാമതു, ഫ ഫ ഠ-ലെ കൃഷി മകരം നു-ാംനു-ക്കു സകലതും വിളവിറക്കി, ഇതു സാധാരണ പതിവില്ലാത്തതാണു്. ഫ ഫ, ൦ ൦ ൦ ഏക്കർ കൊച്ചിരാജ്യത്തും നു, ൦ ൦ ൦ ഏക്കർ ബ്രിട്ടിഷിലുമായുള്ള നിലങ്ങൾക്കു ആവശ്യമുള്ളതുവെള്ളം ഫ,൦൦ ൦-ൽ ചിലപ്രാവശ്യം ഏക്കർ സ്ഥലത്തിൽ വേണം വെള്ളം കെട്ടിനിറുത്താൻ. അതു സാദ്ധ്യമല്ല. അപ്പോൾ ഏനാമാവിൽ കൂടി സമുദ്രത്തിലേയ്ക്കു പമ്പുചെയ്തു. പിന്നെ വെള്ളം എല്ലാപേക്കും എടുക്കേണ്ടിവന്നു അതുവശ്യം ഒരേ സമയത്തായിരുന്നു. അപ്പോൾതന്നുള്ള വെള്ളം മുഴവനും എടുത്തു. അപ്പോൾ മുള്ളർ കായലിൽനിന്നു വെള്ളം എടുക്കേണ്ടിവന്നപ്പോൾ എല്ലാപേക്കും വെള്ളം കിട്ടുന്നില്ലെന്നു പരാതിവന്നു. മുള്ളർകായലിൽ ഒറവയിൽ ഇങ്ങോട്ടുവന്നാൽ ലാവലല്ല. അതുകൊണ്ടു ചിലർക്കു വെള്ളം കിട്ടുകയില്ല. ചാലിനു താഴ്ചയില്ലാതെവെള്ളം ഇങ്ങോട്ടു പോരാത്തതുകൊണ്ടു ചില നിലങ്ങൾക്കു അവിടെ തടഞ്ഞുകിടക്കുന്നവെള്ളം കിട്ടുന്നതിനിടയായി. എനിക്കും ഒരൻപതു പറ നിലത്തിനാവശ്യമായ വെള്ളം കിട്ടി. ഇതാണു് ഫ ഫ ഠ-ലെ സംഭവം.

അവിടെ ഇപ്പോൾ നികുതി പിരിക്കാൻ ഫ കൊല്ലമായി സ്തുതിപ്പെടുന്നു. ഫ ഫൻ-ൽ അണെങ്കിൽ പിരിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ ആക്ഷം വെള്ളംകിട്ടാതെ കഷ്ടപ്പെടുന്ന അവസരത്തിലാണു നികുതി പിരിക്കുവാൻ പറഞ്ഞിട്ടിരിക്കുന്നതു്. ഫ ഫവ കുംഭമാസം നു-ാംനു-അണെന്നു തോന്നുന്നു തൃശ്ശിവപേരൂർ താലൂക്കു് താസിൽദാരും സെൻട്രൽഡിവിഷൻ അസിസ്റ്റന്റും ഇഞ്ചിനീയരും കൂടി സംഗതിവശാൽ എന്റെ സ്ഥലത്തുവെച്ചു കോൾകൃഷിക്കാരുടെ ഒരു മീറ്റിംഗ് കൂടാനിടയായി. അവരുടെ നിർബ്ബന്ധപ്രകാരം ഞാൻ അന്നു അദ്ധ്യക്ഷനായി. അതിൽവെച്ചു ഒരുകോൾകമ്മിറ്റി രൂപീകരിച്ചു. അതിന്റെ പ്രസിഡെണ്ടായി എന്നെതന്നെ നിശ്ചയിച്ചു. അങ്ങിനെ ഒരു കോൾകൃഷിക്കമ്മിറ്റിയുണ്ടായി. അതു എവിടെനിന്നോ പൊട്ടിപ്പുറപ്പെട്ടതോ അല്ലവന്നതോ എന്നൊക്കെ നിങ്ങൾതന്നെ തീർച്ചയാക്കിയാൽ മതി. ഏതായാലും ആ കമ്മിറ്റിക്കു എന്നാലാകുന്ന സഹായങ്ങളൊക്കെ ചെയ്തുകൊടുത്തിട്ടുണ്ടു്. തന്മൂലം എനിക്കു കുറെ ബുദ്ധിമുട്ടുകളും നേരിട്ടിട്ടുണ്ടു്.

ഇനി എനിക്കു മറ്റൊരു ബുദ്ധിമുട്ടുള്ളതു എനിക്കു വളരെയധികം നിലങ്ങൾ ഉണ്ടെന്നുള്ളതാണു്. അതുകൈവശം വെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടു എനിക്കല്ലെ അറിഞ്ഞുകൂടൂ. അതിന്മേലുള്ള കടങ്ങളൊക്കെ കഴിഞ്ഞ കൊല്ലമേ കൊടുത്തുതീർക്കാൻ സാധിച്ചിട്ടുള്ളു. എന്നാൽ ഉള്ള മണ്ണു് ഞാൻ ആക്ഷം പങ്കുവെച്ചു കൊടുത്തിട്ടില്ല. അതുവല്ല ബോർഡംഗവിസമോ മറ്റോ ചേരുന്നവരെ ആക്ഷം കൊടുക്കുവാനും തീരുമാനിച്ചിട്ടില്ല.

ഇതിൽ കൂടുതലൊന്നും എനിക്കു ഈ വിഷയത്തെക്കുറിച്ചു സംസാരിക്കാനില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സർ, മുള്ളർക്കായൽ പദ്ധതി അനുസരിച്ചുള്ള നടപടികൾകൊണ്ടു പല കോൾകൃഷിപ്രദേശങ്ങൾക്കും വേണ്ടത്ര ഗുണമുണ്ടായിട്ടില്ലെന്നുള്ള കാരണംകൊണ്ടാണു് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചതെന്നു എനിക്കു ഉറപ്പിച്ചു പറയുവാൻ സാധിക്കും. അതിൽനിന്നു ഒന്നോ രണ്ടോ വ്യക്തികൾക്കു് ഗുണം കിട്ടുന്നുവെന്നുള്ളതുകൊണ്ടോ ചില ഭൂമികൾക്കു ഗുണം കിട്ടുന്നുവെന്നുള്ളതുകൊണ്ടോ ഞങ്ങൾക്കാക്ഷേപമില്ല. നേരെമറിച്ചു ആകെയുള്ള കോൾകൃഷിക്കാക്കു മുഴവൻ ഉപരിക്കാത്ത, ഒരു ചെറിയ ഭാഗത്തിനുമാത്രം വേണ്ടിയുള്ള, ഈ പദ്ധതിയുടെ ചിലവു അതുകൊണ്ടു ഗുണമില്ലാത്ത ആളുകളുംപ്പടെയുള്ള മുഴവൻ കൃഷിക്കാരിൽനിന്നും പിരിക്കണമെന്നു പറയുമ്പോൾ അതിനെ ആക്ഷേപിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഫ ഫ, ൦ ൦ ൦ ഏക്കർ കോൾകൃഷി നിലങ്ങൾ ആകെയുണ്ടെന്നു പറയുന്നു. അതിൽ ൪ ൦ ൦ ഏക്കർ താണസ്ഥലമായതുകൊണ്ടു കൃഷിചെയ്യാൻ സാധിച്ചിട്ടില്ല. ഒട്ടാകെയുള്ള കോൾ നിലങ്ങളിൽ ഒരു പ്രധാനഭാഗം പോറവുഴ പെരുമ്പുഴ റോഡിന്റെ തെക്കുഭാഗത്തും ബാക്കി വടക്കുഭാഗത്തുമാണു് കിടക്കുന്നതു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

റോഡു തുടങ്ങിവച്ചേടത്തുനിന്നു അന്തിക്കാട്ടേയ്ക്കു പോകുന്ന റോഡാണു്. ഈ റോഡിന്റെ വടക്കുഭാഗത്തായിട്ടാണു് മുള്ളക്കായൽ പദ്ധതിയിൽപ്പെടുന്ന നിലങ്ങൾ കിടക്കുന്നതു്: ഇതിനുമുമ്പു സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഈ കായലിൽ കയറി നിറയുന്ന വെള്ളംകൊണ്ടു വേനൽക്കാലം വരുമ്പോൾ കോൾ നിലങ്ങളെ നനയ്ക്കുക എന്നുള്ളതാണു് മുള്ളക്കായൽ പദ്ധതി. ഈ പദ്ധതികൊണ്ടു എത്രമാത്രം കോൾനിലങ്ങളുടെ ഉണക്കകേടു തീക്കാൻ കഴിയുമെന്നുള്ളതനുസരിച്ചാണു് ആ പദ്ധതിയുടെ ഗുണങ്ങളെക്കുറിച്ചാലോചിക്കേണ്ടതു്. ഈ മുള്ളക്കായൽസ്കീംകൊണ്ടു കിട്ടുന്ന വെള്ളംകൊണ്ടു എത്ര നിലങ്ങളെ രക്ഷിക്കാൻ കഴിയുമെന്നാണിവിടെ ആലോചിക്കേണ്ടതു്. എനിക്കു കിട്ടീട്ടുള്ള വിവരംകൊണ്ടു മനസ്സിലാകുന്നതു ചേറ്റുപുഴ-പെരുമ്പുഴ റോഡിന്റെ തെക്കെഭാഗത്തുള്ള നിലങ്ങളിലേയ്ക്കു ഈ വെള്ളം ഒട്ടും കൊല്ലുക സാദ്ധ്യമല്ല എന്നുള്ളതാണു്. അങ്ങിനെവരുമ്പോൾ ഏതാണ്ടു പകുതിയോളംവരുന്ന ആ കോൾനിലങ്ങൾക്കു ഈ പദ്ധതി പ്രയോജനപ്രദമല്ലെന്നുവരുന്നു.

ഈ വസ്തുത ഗവൺമെണ്ടു ഏതാണ്ടു മനസ്സിലാക്കീട്ടുണ്ടെന്നുകൂടി തോന്നുന്നുണ്ടു്. അല്ലെങ്കിൽ അവർ പെരുമ്പിള്ളിശ്ശേരിയിലും കണിമംഗലത്തും വെള്ളം കെട്ടിനിറുത്തുവാനുള്ള ഒരു പദ്ധതി തുടങ്ങേണ്ട ആവശ്യമില്ലായിരുന്നു. മുള്ളക്കായലിലെ വെള്ളംകൊണ്ടു കൊച്ചി രാജ്യത്തുള്ള ൧൫,൦൦൦ ഏക്കർ ഭൂമിയെ മുഴുവനും ഉണക്കകേടിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നെങ്കിൽ ഈ രണ്ടാമത്തെ പദ്ധതികളെക്കുറിച്ചാലോചിക്കേണ്ടതില്ലായിരുന്നു. ആ പദ്ധതിക്കുടി ഇതിന്റെകൂടെ ഉണ്ടായിരുന്നുവെന്നുള്ളതുകൊണ്ടു ഗവർമ്മെണ്ടതന്നെ ശീട്ടയാക്കീട്ടുണ്ടു്, വടക്കെ ഭാഗത്തെ കായലിലെ വെള്ളംകൊണ്ടു തെക്കെ ഭാഗത്തെ നിലങ്ങൾക്കു കൃഷിക്കു ഉപരിക്കയില്ലെന്നു്. കഴിഞ്ഞ കൊല്ലത്തിലാണു കായ്മായ കോൾനാശമുണ്ടായതെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. മുള്ളക്കായലിനു വളരെ അടുത്തുകിടക്കുന്ന പ്രദേശങ്ങൾക്കല്ലാതെ മറ്റു ഭാഗങ്ങളിലേയ്ക്കാണും ഈ വെള്ളംകൊണ്ടു അന്നു പ്രയോജനമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ജന്മിമെമ്പർതന്നെ പറഞ്ഞു അദ്ദേഹത്തിന്റെ നിലങ്ങളിൽ ൫൦ പറയ്ക്കുള്ള നിലത്തിനു മാത്രമേ വെള്ളം കിട്ടിയുള്ളുവെന്നു്. അതുകൊണ്ടാണു് മുള്ളക്കായലിലെ വെള്ളംകൊണ്ടു ഒന്നോ രണ്ടോ വ്യക്തികൾക്കു മാത്രമേ രക്ഷകിട്ടുന്നുള്ളുവെന്നു പറയുന്നതു്. അല്ലാതെ അവരോടു ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. ഈ മുള്ളക്കായൽ പദ്ധതിയുടെ ആരംഭത്തിനുതന്നെ ഹേതുഭൂതർ അവരാണെന്നു തോന്നുന്നുണ്ടു്. എന്തുകാരണത്താലോ—ഡിപ്പാർട്ടുമെണ്ടു മേലധികാരികളുടെ അടുക്കലുള്ള സ്വാധീനം കൊണ്ടോ എന്തോ—എങ്ങിനെ ആയാലും അവർക്കു കുറച്ചെങ്കിലും അനുഭവം ഈ മുള്ളക്കായൽ സ്കീംകൊണ്ടുണ്ടായിട്ടുണ്ടെന്നു പറഞ്ഞാൽ അതിനെ ഈ സഭയിൽ ആരും എതിർക്കാനുണ്ടെന്നു തോന്നുന്നില്ല, അതിനാരും മുന്നോട്ടു വന്നിട്ടില്ല. ആ സ്ഥിതിക്കു മുള്ളക്കായൽ സ്കീമിനു വേണ്ടിവന്നിട്ടുള്ള സംഖ്യ പിരിച്ചെടുക്കണമെന്നുണ്ടെങ്കിൽ അതു, ആ സ്കീംകൊണ്ടു ആർക്കാണോ ഗുണമുണ്ടായിട്ടുള്ളതു അവരിൽനിന്നുതന്നെ പിരിച്ചെടുക്കണമെന്നാണു് ഞങ്ങൾ പറയുന്നതു്. അല്ലാതെ ആ പദ്ധതികൊണ്ടു ഇതുവരെ ഗുണമൊന്നും കിട്ടാത്ത ആളുകൾക്കുകൂടി സെസ്സു് ചുമത്തിയാൽ അതു ശരിയല്ലെന്നാണു് ഞങ്ങളുടെ വാദം. ചേറ്റുപുഴ-പെരുമ്പുഴ റോഡിന്റെ തെക്കെഭാഗത്തായി കിടക്കുന്ന എത്രയുണ്ടു ആയിരമായിരം ഏക്കർ നിലങ്ങൾക്കു യാതൊരു ഗുണവുമില്ലെന്നിരിക്കെ ആ സ്ഥലത്തുനിന്നു സെസ്സു പിരിക്കുന്നതു ശരിയല്ല. പിന്നെ മുള്ളർക്കായൽ ബന്ധിച്ചു, പെരുമ്പിള്ളിശ്ശേരി, കണിമംഗലം, മമ്മാടം മുതലായ ഭാഗങ്ങളിലേയ്ക്കു അവിടെ വെള്ളം കയറി നിറയുകയാണെങ്കിൽ നിശ്ചയമായും അവിടെനിന്നു ഈ സെസ്സു പിരിക്കാമായിരുന്നു. അങ്ങിനെയുള്ള ഒരു സംരക്ഷണ ഗവൺമെണ്ടു കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടക്കു ചെയ്തിട്ടുണ്ടോ എന്നു നോക്കിയാൽ ഇല്ല എന്നു കാണാം. ബഹുമാനപ്പെട്ട ഇഞ്ചിനീയർ പറഞ്ഞു, കണിമംഗലത്തു ഒരു മാസത്തോളം കാലം വെള്ളം കയറിനിറുത്തുകയുണ്ടായിട്ടുണ്ടെന്നു്. എന്നാൽ യഥാർത്ഥത്തിൽ അവിടെ ഒരുദിവസത്തിൽ കൂടുതൽ വെള്ളം കയറി നിറുത്തുകയുണ്ടായിട്ടില്ല. പത്തുദിവസമോ മറ്റോ കൊണ്ടാണു് അവിടെ വെള്ളം കയറി നിറുത്തിയതു്. പക്ഷെ അവിടെ അതു നിറുത്താതെ ഒന്നോ രണ്ടോ ദിവസംകൊണ്ടു അതു തുറന്നുവിടുകയാണു ചെയ്തതു്. അങ്ങിനെ ആ പദ്ധതികൊണ്ടു ആ നാട്ടുകാർക്കു യാതൊരു ഗുണവുമുണ്ടായിട്ടില്ല.

ഈവക കാരണങ്ങളെക്കൊണ്ടു ഈ മുള്ളക്കായൽ പദ്ധതി കോൾനിലങ്ങൾക്കു ഒട്ടുകെ ഉപയോഗമുള്ള ഒരു പദ്ധതി അല്ലെന്നു ആദ്യമായി മനസ്സിലാക്കണം. രണ്ടാമതായി ഈ പദ്ധതികൊണ്ടു ഏതെല്ലാം ഭാഗക്കാർക്കാണോ ഗുണമുണ്ടായിട്ടുള്ളതു അവരിൽനിന്നുമാ

LIBRARY ARCHIVES Kerala Legislative Assembly

ത്രമായിരിക്കണം ഈ പദ്ധതിയുടെ ചിലവു പിരിച്ചെടുക്കാൻ. മൂന്നാമതായി, തെക്കൻതോ ഗത്തുള്ള കോൾനിലങ്ങൾക്കു രക്ഷ നൽകുന്ന എതെങ്കിലും ഒരു പദ്ധതി കാമക്കുടി പദ്ധതി വരുന്നതുവരെ കാത്തിരിക്കാതെ, തയ്യാറാക്കി ഈ പദ്ധതിക്കാവശ്യമായ ചിലവു സെസ്സുവഴിക്കു കൃഷിക്കാരിൽനിന്നും ഈടാക്കാൻ ഗവർമ്മെണ്ടു തീരുമാനിക്കണം.

ഇത്രയും പറഞ്ഞുകൊണ്ടും ഈ മുള്ളക്കായൽ സ്കീമിൻറെ പ്രവർത്തനത്തിൽ എന്തോ ചില പിശകുകളുണ്ടെന്നു ഗവർമ്മെണ്ടു മനസ്സിലാക്കി ഈ ഉപക്ഷേപത്തിൻറെ ഉദ്ദേശം നിവ്വഹിക്കണമെന്നും പറഞ്ഞുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer)*: I think it will clarify matters and help this House to form a clear idea of the Mullurkayal Scheme if I lightly touch over the main points of it in the form of a refresher.

There have always been complaints of scarcity of water in the Kole areas during cultivation. This situation had to a large extent been controlled by the extension of Kuttadan cultivation by the high level maintained in the Kole channels during the pumping period and by irregularties in the sequence of drainage due to the delay of non-availability of pumping machinery. Yet there have been definite complaints about drought in these times every one was nervous to face a condition in which the major portion of Kole lands becomes subjected to severe droughts. In the meanwhile charges for cultivation were also mounting up. Labourers who used to work for small wages and on which the economy of cultivation largely depended could not be had except at very high wages. The Kole lands cultivation requires bunding operations for which materials such as bamboos, cadjan leaves, etc., are required. The cost of these had also increased three and four fold. The cost of oils, hire of engines, wages of drivers had all increased and these also contributed to increase the cost of Kole cultivation.

The Kole cultivation required relief both in the bunding operations as far as possible and also in the pumping charges. They also wanted storage of water in Mullurkayal and Kanimangalam to alleviate drought and also to compensate for any reduction in storage in the Kole lands due to reduction of level at Enamakal.

These are the main reasons for attempting on this Mullurkayal storage. In the year 1118 and 1119 there were seasonal rains in the Kole area and the influence of the Mullurkayal storage was not very clearly felt. It helped, however, in providing irrigation supply in the month of Kumbham when the crop needed water most. In the year 1120 the strain of cultivation was very great. The kole bunds could not be properly made on account of cost and so it was not possible to store water in the Kole channels to the same height as was being done before. Yet I must say the difference was not great as is generally supposed. The maximum water level stored in Enamakkal in 1120 was 1·5 feet above weir crest while the maximum formerly used to be 1·8 feet. There was only a difference of under 4 inches.

The dry season this year was one of the driest on record. There was no rain from about Vrischigam till Medam. This is comparable only to the drought of 1101 and also to some extent to that of 1110. Under these conditions the drought in the Kole lands this year would have been as great and as complete as what happened in 1101.

In order to have a correct idea of the actual losses to cultivation I caused a thorough field survey of the result. This was conducted by the Officers of this department and I had asked them to report exactly what the respective Kole owners' state of the condition of the crops. I shall now give this House this information.

The President took the Chair at 4-5 p.m.

LIBRARY ARCHIVES Kerala Legislative Assembly

Name of Plot	Approximate area in acres	Loss due to scarcity of water in acres	
		Bad drought	Partial loss yield 75 per cent of the average
1. Nalumuri 2. Kurudon	600	25	100
3. Parammel	300	..	..
4. Puthen Kole & Parida Padavu	500	50	150
5. Pazhan kole	250	25	75
6. Chalady	200	25	50
7. Ryanut	300	36	75
8. Kundukulam	600	36	25
9. Adakkakole	500	100	100
10. Arumuri	100	20	30
11. Pullai	700	50	100
12. Karimpadam	250	25	50
13. Smaller plots opposite to Kundkulam padavoo	150	..	..
14. Vazhakole	125	25	50
15. Kayali Kole	100	10	25
16. Ayyappan Kole	500	50	100
17. Kotayatti	200	25	50
18. Kovilakam	250	25	50
19. Western Pull	500	20	35
20. Vialkkumadam	600	40	75
21. Eastern Pull	300	20	50
22. Alappat	100	5	10
23. Pazhurin Thazham	50	5	15
24. Variam Padavoo	125	..	20
25. Porathur	200	25	40
26. Inchamudi	175	25	50
27. Chonam Tharizu	550	25	75
28. Manalipat	125	10	20
29. Chamban kole 30. Puthen kole 31. Pazhan kole	400	20	50
32. Thuruthumel 33. Palipuram	600	40	100
34. Anjumuri	75	..	20
35. Krishnankotta	125	10	40
36. Karotta	200	10	20
37. Gumanatha 38. Mara	175	15	25
39. Oadammu Thoppu	125	5	10
40. Karumpatta, etc.	150	30	30
41. Arunattukara	50	15	15
42. Ayyappab, Padu, 43. Kanimangalam	100	..	15
44. Udukkuzhi	100	5	15
45. Thanarna	125	..	15
46. Puthen Kole	50	5	10
Total	11,625	860	1,805

LIBRARY ARCHIVES Kerala Legislative Assembly

So, out of a total area of 11,600 acres cultivated an area of 860 acres have suffered from drought and an area of 1,805 acres had only 75 per cent yield. The rest of the area had not been affected at all.

While there have been some drought in a portion of the kole lands especially in the high regions, it has to be said as the figures also indicate that the working off of a major failure of the kole crops was certainly attributable to the utilisation of water stored in the Mullurkayal and Kanimangalam areas and also to the timely irrigation from the stock in the Kurumali and Karuvannur Rivers. In the matter of distribution of water all that was possible to be done was done. Water was let down from the storage from the 26th Makaram. Pumps were also erected to pump out water from Mullurkayal to the fields from 18th Meenam till the 25th of Meenam.

I had all along taken the active kole cultivators with me in all matters connected with it at all stages of this cultivation. For procurement and distribution of engines to the kole owners, to the fixing of level at Enamakkal weir, to distribute water from storages I had acted with fullest co-operation of ryots.

Then there are one or two points which the Hon'ble Members referred to here on which I think, some sort of reference should be made by me. The first thing was that the water from Mullurkayal was used only for the northern areas of the kole lands. I may say from the geographical position of these kole lands, the irrigation of this scheme is derived from the water stored in the kole channels. Those channels extend from one end of the kole to the other. They are almost on the same level and the water in the kole channel is kept over the entire area of the kole lands. So if water is pumped into the kole channels it has neccssarily to go to the entire area of these lands and if there had been no Mullurkayal supply to feed these kole channels, then the result would have been that the water stored in the kole channels would have been used up much quicker by the areas of lands lying on the northern and the southern areas of these fields. So that this water must be considered to be a bank from which the necessity for water has been drawn and so it cannot be said that it was used only by one area of kole lands to which it was lying contiguous. That argument is fallacious.

Mr. V. R. Krishnan Ezhuthassan *(Urakam):* Are all the lands on the same level?

Mr. V. K. Aravindaksha Menon *(Chief Engineer):* Yes. The kole channels are of the same level and nobody has obstructed the kole channel or bunded it so that the flow of water is obstructed thereby. All ryots had the same right to take water from the storage. I cannot say that the storage at Mullurkayal was without any use, this year, when there was necessity and it is for the House to judge whether such storage should be kept on hereafter. If there is not this storage there is a great risk of a total failure in which case the loss would be very great.

Mr. A. Eachara Menon *(Chittur-Tattamangalam):* Some mention was made here about the British Lands?

Mr. V. K. Aravindaksha Menon *(Chief Engineer):* There are also some British Lands connected with these lands. I think it is the policy of the Government to take only proportionate charges according to the area of lands in the Cochin State.

Mr. P. Kumaran Ezhuthassan *(Vadakkancheri):* On a point of information, Sir, does the Government propose to consider the other schemes suggested by the Hon'ble Members for the storage of water in other places so that the southern portion also may be benefitted?

Mr. V. K. Aravindaksha Menon *(Chief Engineer):* Government fully appreciate that with one scheme alone, it may not be possible to satisfy the entire acres of kole lands. The question now of storage of water in Kanimangalam and Perimpillissery will be looked into.

Mr. V. R. Krishnan Ezhuthassan *(Urakam):* Is the Hon'ble Member in a position to deny the statement made by the Hon'ble Member for Jenmies that he got water only for 50 paras of land by spending Rs. 200?

Mr. V. K. Aravindaksha Menon *(Chief Engineer):* I think that the area referred to by the Hon'ble Member is the Pulle Kole which is about 700 acres. Is it the position of the Hon'ble Member for Jenmies that he was able to irrigate only 5 acres of land?

മിസ്റ്റർ വി. എൻ. ഇട്ടിരവി നമ്പൂതിരി: ഞാൻ പറഞ്ഞതിന്റെ താല്പര്യമതല്ല. വെള്ളം കിട്ടിയതു അവിടെ തടഞ്ഞുകിടന്നിരുന്നതാണു്, അതു ഞാൻ പറയുന്നുണ്ടു്.

Mr. V. R. Krishnan Ezhuthassan *(Urakam):* I meant the Mullurkayal water and not the channel water.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon *(Chief Engineer):* The Mullurkayal water is the channel water. When it is opened it joins the channel and so the water in the channel is also flowing from the Mullurkayal storage.

Mr. V. R. Krishnan Ezhuthassan *(Urakam):* The water that was left after opening the Mullurkayal reservoir must have flown into the channel and that water was available for him to irrigate only 50 paras of lands.

Mr. V. K. Aravindaksha Menon *(Chief Engineer):* That is not what he said.

Mr. P. Sankara Menon *(Trichur-North):* On a point of information, Sir, to the Hon'ble Member for Revenue. I should like to know whether the Government consider it necessary in view of the difficulties of the various cultivators to give any remission of the collection of cess.

Mr. A. Madhava Prabhu *(Diwan Peishkar):* Not at this stage.

Mr. P. Sankara Menon *(Trichur-North):* I am sorry that the attitude of the Government is not of much help to the cultivators. At least it has been to some extent as the Hon'ble Member for works has admitted that a section of the cultivators did not get sufficient water. In view of that and as the Member for Revenues says that Government do not consider it necessary to give any remission of the cess I am constrained to press this motion on the issue of the collection of cess.

Mr. President: I think the noes have it.

Mr. P. Sankara Menon *(Trichur-North):* Poll, Sir.

Ayes

1.	Mrs. Dakshayani Velayudhan	11.	Mr. P. Sankara Menon
2.	Mr. Thevanna Koundan	12.	,, M. K. Raja
3.	,, P. Natarajan Chettiar	13.	,, M. I. Paul
4.	,, T. K. Nayar	14.	,, P. Kumaran Enhuthassan
5.	,, P. Govinda Menon	15.	,, G. S. Dhara Singh
6.	,, V. R. Krishnan Ezhuthassan	16.	,, P. Mani
7.	,, P. Achyutha Menon	17.	,, C. N. Ittiravi Numbudiri
8.	,, P. T. Jacob	18.	,, T. K. L. Kunjuvaried
9.	,, C. S. Panicker	19.	,, K. S. Panicker
10.	,, P. K. Paul	20.	,, Paramel Ipe Ipe

Noes

1.	Mr. P. V. Raphael	6.	Mr. M. Sivarama Menon
2.	,, V. K. Aravindaksha Menon	7.	,, K. S. Raghavan
3.	Rao Sahib I. N. Menon	8.	,, C. J. Mathew
4.	Mr. B. V. K. Menon	9.	,, S. Venketeswaran
5.	,, A. Madhava Prabhu	10.	Rao Sahib M. M. Paul

Mr. President. The motion is carried by 20 for and 10 against.

The demand of Rs. 6,21,302 under 1. Land Revenue

put and carried

1. Land Revenue—Cranganur

Mr. A. Madhava Prabhu *(Diwan Peishkar):* I beg to move for a grant of Rs. 29,525 under 1. Land Revenue, Cranganur.

Demand put and carried

24. Medical—Rs. 10,97,672

Mr. C. J. Mathew *(Joint Secretary to Government):* I move for an allotment of Rs. 10,97,672 under 24. Medical

CUT MOTION No. 50

Maternity Hospital at Ernakulam

Mrs. T. Francis *(Ernakulam-Women):* I move to reduce the allotment of Rs. 1,94,247 for 1-Medical Proper—Establishment in Demand No. 24 by Re. 1. (To impress upon the Government the absolute necessity of starting a separate Maternity Hospital in Ernakulam).

LIBRARY ARCHIVES Kerala Legislative Assembly